## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.531      19.05.2017 ന് മറുപടിയ്ക്ക്.

### ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആന്റണി ജോൺ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.പുരുഷൻ കടലുണ്ടി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പാരിസ്ഥിതിക സംരക്ഷണത്തിന്റെ ആവശ്യകത പ്രചരിപ്പിക്കുന്നതിനായി സന്ദർശകരുടെ സുരക്ഷ ഉറപ്പാക്കിക്കൊണ്ട് ഇക്കോടൂറിസം പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ടൂറിസത്തേക്കാൾ വിനോദ സഞ്ചാരികൾക്ക് പാരിസ്ഥിതിക സംരക്ഷണത്തിന് പ്രചോദനമേകും വിധം ഈ പദ്ധതി പുന:സംഘടിപ്പിച്ചു നടപ്പിലാക്കുമോ; | (എ) വനമേഖലയിൽ പ്രകൃതിരമണീയ സ്ഥലങ്ങളായ പുഴകൾ, വെള്ളച്ചാട്ടങ്ങൾ, പുൽമേടുകൾ തുടങ്ങി സന്ദർശകർ പരമ്പരാഗതമായി എത്തുന്ന സ്ഥലങ്ങൾ തെരഞ്ഞെടുത്ത് അവിടങ്ങളിൽ അനിയന്ത്രിതമായ സന്ദർശനം വനം പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കുന്നത് പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഇക്കോടൂറിസം നടത്തി വരുന്നു. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിയുടെ തനിമയ്ക്കും, സാംസ്കാരിക പാരമ്പര്യത്തിനും അനുയോജ്യമായി പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാത്ത വിധം പ്രകൃതി സമ്പത്ത് സംരക്ഷിച്ചുകൊണ്ട്, പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത പ്രചരിപ്പിക്കുന്ന വിധത്തിൽ തദ്ദേശവാസികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽ സന്ദർശക സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നുണ്ട്. സന്ദർശക പ്രവാഹം നിലവിലുള്ള ചില വനമേഖലകൾ കൂടി ഇക്കോടൂറിസം പ്രവർത്തന മേഖലയാക്കാൻ നടപടി എടുത്തിട്ടുണ്ട്.<br>പല കേന്ദ്രങ്ങളിലും വനമേഖലയ്ക്ക് ഒരു നിശ്ചിത സമയം ഉൾക്കൊള്ളാനാവാത്ത വിധം ആളുകൾ സന്ദർശകരായി എത്തുന്ന സ്ഥിതിയും നിലവിലുണ്ട്. ഇത് പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നത് തടയുന്നതിനുള്ള മുൻകരുതൽ എന്ന നിലയിൽ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനത്തിനും, carrying capacity പഠനത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) വനാശ്രിത സമൂഹത്തിലെ യുവതീയുവാക്കൾക്ക് പരിശീലനം നൽകി പരിസ്ഥിതി സംരക്ഷണത്തോടൊപ്പം വരുമാനദായകമായ പദ്ധതിയായിക്കൂടി ഈ പദ്ധതിയെ രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) വനാശ്രിത സമൂഹത്തിലെ യുവതീയുവാക്കൾക്ക് പരിശീലനം നൽകി ഗൈഡുമാരായി നിയോഗിച്ച് അവർക്ക് വരുമാനം ഉണ്ടാകുന്ന വിധത്തിലാണ് പദ്ധതി ഇപ്പോൾ നടപ്പാക്കുന്നത്. 100 പേർക്ക് കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് (KITTS) വഴി പരിശീലനം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 100 പേർക്കു കൂടി പരിശീലനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

---

Lakeesh (signature)

സെക്ഷൻ ഓഫീസർ